STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.107/PR/SPMC/PHQ/2025 Date: 16.05.2025

# ലഹരിക്കെതിരെയുള്ള യുദ്ധത്തിന്റെ പതാകവാഹകരാകാൻ എസ്.പി.സി കേഡറ്റുകൾ

സംസ്ഥാനം അഭിമുഖീകരിക്കുന്ന ലഹരിമരുന്നുകളുടെ മാരകവിപത്തിനെതിരെയുള്ള യുദ്ധത്തിൽ മുന്നണി പോരാളികളാകാൻ ഇനി സ്റ്റുഡന്റ് പോലീസ് കേഡറ്റുകളും.

തിരുവനന്തപുരം മാർ ഇവാനിയോസ് വിദ്യാനഗറിലെ സർവോദയ വിദ്യാലയത്തിൽ നടക്കുന്ന മധ്യവേനലവധി സഹവാസ ക്യാമ്പിന്റെ ഭാഗമായി സംഘടിപ്പിച്ച ചടങ്ങിലാണ് സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് സ്റ്റുഡന്റ് പോലീസ് കേഡറ്റുകളെ ആന്റി ഡ്രഗ് അംബാസഡർമാരായി പ്രഖ്യാപിച്ചത്.

സംസ്ഥാനം അഭിമുഖീകരിക്കുന്ന ഏറ്റവും ഗുരുതരമായ സാമൂഹിക ആരോഗ്യപ്രശ്നമാണ് മയക്കുമരുന്നുകളോടുള്ള യുവതലമുറയുടെ അടിമത്തമെന്നും ഇത് നേരിടാൻ ഓരോ എസ്.പി.സി കേഡറ്റും തങ്ങളുടെ ചുറ്റപാടുകളെക്കുറിച്ച് സദാ ജാഗരൂകരായി ഇരിക്കണമെന്നും സംശയകരമായ സാഹചര്യം സ്കൂളിലായാലും വീടുകളിലായാലും റിപ്പോർട്ട് ചെയ്യാൻ മടിക്കരുതെന്നും അദ്ദേഹം കേഡറ്റുകളെ ഓർമിപ്പിച്ചു. എസ്.പി.സി കേഡറ്റുകളെ യൂണിസെഫ് ചൈൽഡ് റൈറ്റ് ചാമ്പ്യന്മാരായും ചടങ്ങിൽ പ്രഖ്യാപിച്ചു.

യൂണിസെഫും കേരള പോലീസും, സ്റ്റുഡന്റ് പോലീസ് കേഡറ്റ് രംഗത്ത് മാത്രമല്ല ഇനിയും മറ്റുപല മേഖലകളിലും ഒന്നിച്ചു പ്രവർത്തിക്കാൻ കഴിയുമെന്നും അതിനു യൂണിസെഫിന്റെ ഭാഗത്തു നിന്ന് എല്ലാ സഹായസഹകരണങ്ങളും ഉണ്ടാവുമെന്നും ചടങ്ങിൽ പങ്കെടുത്തു സംസാരിച്ച യൂണിസെഫ് മേഖലാ മേധാവി കെ എൽ റാവു പറഞ്ഞു.

ചടങ്ങിൽ പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി എസ്. ശ്രീജിത്ത് സ്വാഗതവും തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജിയും എസ്.പി.സി സ്റ്റേറ്റ് നോഡൽ ഓഫീസറുമായ എസ് അജിത ബീഗം നന്ദിയും പറഞ്ഞു.

രാവിലെ പുതിയ നിയമസഭാ മന്ദിരത്തിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ നടന്ന എസ്.പി.സി കേഡറ്റുകളുടെ മോക്ക് പാർലമെന്റ് നിയമസഭാ സ്പീക്കർ എ എൻ ഷംസീർ ഉദ്ഘാടനം ചെയ്തു. ലഹരിക്കെതിരെ നാടൊന്നാകെ യുദ്ധം പ്രഖ്യാപിച്ചിട്ടുള്ള അവസരത്തിലാണ് എസ്.പി.സി കേഡറ്റുകളെ ലഹരി വിരുദ്ധ പോരാട്ടത്തിന്റെ അംബാസഡർമാരാക്കുന്നത് എന്ന കാര്യം എല്ലാ കേഡറ്റുകളും ഓർത്തിരിക്കേണ്ട കാര്യമാണെന്ന് സ്പീക്കർ പറഞ്ഞു.

ഓരോ എസ്.പി.സി കേഡറ്റും രാസലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ മുന്നണി പോരാളികളാകണമെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് നടന്ന മോക്ക് പാർലിമെന്റിൽ എസ്.പി.സി കേഡറ്റുകൾ ലഹരിവിരുദ്ധ പ്രമേയമാണ് ചർച്ച ചെയ്തത്.

മോക്ക് പാർലമെന്റിനു ശേഷം എസ്.പി.സി കേഡറ്റുകൾ നിയമസഭയും സന്ദർശിച്ചു.

**************************